23
2025
ജൂലൈ
ബുധൻ
കർക്കിടകം 7

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-6, Issue No.189 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-189 പേജ് 4. വില 2.00 രൂപ








02 നിമിഷ പ്രിയയുടെ മോചനം; കാന്തപുരത്തെ കണ്ട് ചാണ്ടി ഉമ്മൻ

03 തരൂർ പങ്കെടുത്താൽ യോഗത്തിന്റെ രഹസ്യസ്വഭാവം നഷ്ടപ്പെടും

04 യുവാവിനെ തട്ടിക്കൊണ്ടുപോയി കൊലപ്പെടുത്താൻ ശ്രമം


# വിപ്ലവനായകൻ മടങ്ങി



## അന്ത്യയാത്രയയപ്പിന് തലസ്ഥാനം; ദർബാർ ഹാളിൽ പൊതുദർശനം

തിരുവനന്തപുരം: അന്തരിച്ച മുൻമുഖ്യമന്ത്രിയും മുതിർന്ന സിപിഎം നേതാവുമായ വി. എസ്. അച്യുതാനന്ദന്റെ ഭൗതിക ശരീരം ദർബാർ ഹാളിൽ പൊതുദർശനത്തിന് വച്ചു. കവടിയാറിലെ വീട്ടിൽ നിന്ന് വിലാപയാത്രയാണ് ഭൗതിക ശരീരം ദർബാർ ഹാളിലെത്തിച്ചത്. മുഖ്യമന്ത്രി പിണറായി വിജയനും മന്ത്രിമാരും സിപിഎം നേതാക്കളും ദർബാർ ഹാളിലേക്ക് നേരത്തേ തന്നെ എത്തിയിരുന്നു. ഉച്ചയ്ക്ക് രണ്ട് വരെ ഇവിടെ പൊതുദർശനം തുടരും. പ്രിയ നേതാവിനെ അവസാനമായി ഒരുനോക്ക് കാണാൻ ആയിരങ്ങളാണ് തലസ്ഥാനത്തേക്ക് ഒഴുകിയെത്തുന്നത്.

ഉച്ചകഴിഞ്ഞ് ദേശീയപാതയിലൂടെ വിലാപയാത്രയായി ആലപ്പുഴയിലെ വീട്ടിലേക്ക് കൊണ്ടുപോകും. ആലപ്പുഴയിലെ വേലിക്കകത്ത് വീട്ടിൽ പൊതുദർശനത്തിന് വയ്ക്കും. തുടർന്ന് ബുധനാഴ്ച രാവിലെ ആലപ്പുഴയിലെ ജില്ലാ കമ്മിറ്റി ഓഫീസിലെ പൊതുദർശനത്തിന് ശേഷം വൈകുന്നരം വലിയ ചുടുകാട്ടിൽ സംസ്കാരം നടത്താനാണ് തീരുമാനം.

പൊതുദർശനവും വിലാപയാത്രയുമായി ബന്ധപ്പെട്ട് തിരുവനന്തപുരം നഗരത്തിൽ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തി. ആദരസൂചകമായി സംസ്ഥാനത്ത് മൂന്ന് ദിവസം ഔദ്യോഗിക ദുഃഖാചരണം പ്രഖ്യാപിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ സർക്കാർ ഓഫീസുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയ്ക്ക് അവധി പ്രഖ്യാപിച്ചിട്ടുണ്ട്.

ഈ ദിവസങ്ങളിൽ സർക്കാർ കെട്ടിടങ്ങളിൽ ദേശീയ പതാക പകുതി താഴ്ത്തിക്കെട്ടും. ഹൃദയാഘാതത്തെ തുടർന്ന് തിരുവനന്തപുരത്തെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലിരിക്കെ തിങ്കളാഴ്ച വൈകുന്നേരം 3.20 നായിരുന്നു വി. എസ്. അച്യുതാനന്ദൻ ജിവിതത്തോട് വിടപറഞ്ഞത്.

## ചോരാത്ത പോരാട്ടവീര്യത്തിന് അഭിവാദനങ്ങൾ... പ്രിയസഖാവിനെ കാണാൻ വഴി നീളെ വൻ ജനാവലി

തിരുവനന്തപുരം: തലസ്ഥാനത്തിന്റെ അന്ത്യാഭിവാദ്യം ഏറ്റുവാങ്ങി വി.എസ്. അച്യുതാനന്ദൻ ആലപ്പുഴയിലേക്ക്. ചൊവ്വാഴ്ച ഉച്ചയ്ക്ക് രണ്ടരയോടെയാണ് സെക്രട്ടേറിയേറ്റിലെ ദർബാർ ഹാളിൽനിന്ന് വിഎസിന്റെ മൃതദേഹവും വഹിച്ചുള്ള വിലാപയാത്ര ആരംഭിച്ചത്. നേതാക്കളും പ്രവർത്തകരും ഉൾപ്പെടെ നിരവധിപേരാണ്

വിലാപയാത്രയെ അനുഗമിക്കുന്നത്. പ്രിയനേതാവിനെ അവസാനമായി കാണാനായി റോഡിനിരുവശങ്ങളിലും വൻ ജനക്കൂട്ടമാണുള്ളത്.

തിരുവനന്തപുരത്തുനിന്ന് ആലപ്പുഴ പുന്നപ്രയിലേക്ക് ഏകദേശം 151 കിലോമീറ്ററാണ് ദൂരം. എന്നാൽ, വഴിയിലുടനീളം ജനസാഗരം തന്നെ അന്തിമോപചാരം അർപ്പിക്കാൻ കാത്തുനിൽക്കുന്നതിനാൽ വിലാപയാത്ര രാത്രി ഏറെ വൈകിയാകും പുന്നപ്രയിലെത്തുക. പുന്നപ്രയിലെ വീട്ടിൽനിന്ന് ബുധനാഴ്ച രാവിലെ ആലപ്പുഴ ജില്ലാ കമ്മറ്റി ഓഫീസിലേക്ക് കൊണ്ടുപോകുന്ന മൃതദേഹം അവിടെ പൊതുദർശനത്തിന് വെക്കും. തുടർന്ന് ആലപ്പുഴ പോലീസ് റിക്രിയേഷൻ ഗ്രൗണ്ടിലും പൊതുദർശനമുണ്ടാകും. വൈകിട്ട് മൂന്നുമണിക്ക് വലിയ ചുടുകാട്ടിലാണ് സംസ്കാരം.

## വിഎസിന്റെ ഓർമകൾ എന്നും വലിയ പ്രചോദനമാകട്ടെ; കർദിനാൾ ബസേലിയോസ് ക്ലീമിസ്

തിരുവനന്തപുരം: വി. എസ്. അച്യുതാനന്ദന് അന്ത്യാഞ്ജലി അർപ്പിച്ച് മലങ്കര സഭ മേജർ ആർച്ച് ബിഷപ്പും കെസിബിസി അധ്യക്ഷനുമായ കർദിനാൾ മാർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവാ. ദർബാർ ഹാളിലെത്തിയാണ് അദ്ദേഹം വിഎസിന് അന്തിമോപചാരം അർപ്പിച്ചത്.

കേരള മുഖ്യമന്ത്രി എന്ന നിലയിലും പ്രതിപക്ഷ നേതാവ് എന്ന നിലയിലും കമ്മ്യൂണിസ്റ്റ് നേതാവ് എന്ന നിലയിലുമെല്ലാം വിഎസ് നാടിന് നൽകിയിട്ടുള്ള എല്ലാ സേവനങ്ങൾക്കും കേരള കത്തോലിക്കാസഭയുടെ ആദരവും നന്ദിയും അറിയിക്കുന്നെന്ന് അദ്ദേഹം പ്രതികരിച്ചു. വിഎസിന്റെ ഓർമകൾ എന്നും വലിയ പ്രചോദനമായി നമ്മുടെ ഇടയിൽ ഉണ്ടായിരിക്കട്ടെയെന്നും ആശംസിക്കുകയും പ്രാർഥിക്കുകയും ചെയ്യുന്നെന്നും അദ്ദേഹം പറഞ്ഞു.



## വിഎസ് നിഷ്കളങ്കനായ രാഷ്ട്രീയ നേതാവ്: എം.എ. യൂസഫലി

തിരുവനന്തപുരം: അന്തരിച്ച മുൻ മുഖ്യമന്ത്രിയും മുതിർന്ന സിപിഎം നേതാവുമായ വി. എസ്. അച്യുതാനന്ദന് അന്ത്യാഞ്ജലി അർപ്പിച്ച് വ്യവസായി എം. എ. യൂസഫലി. സെക്രട്ടറിയേറ്റ് ദർബാർ ഹാളിലെത്തിയാണ് യൂസഫലി അന്തിമോപചാരം അർപ്പിച്ചത്.

നിഷ്കളങ്കനായ രാഷ്ട്രീയ നേതാവായിരുന്നു വിഎസ്. സംസ്ഥാനത്തിന് വേണ്ടി വളരെയധികം പ്രയത്നിച്ച മുഖ്യമന്ത്രിയായിരുന്നു. നോർക്ക റൂട്ട്സിന്റെ ചെയർമാൻ ആയിരിക്കുന്ന സമയത്ത് പ്രവാസികളുടെ ഏത് കാര്യം വന്നാലും അദ്ദേഹം ഉടനടി തീരുമാനമെടുത്തിരുന്നുവെന്നും യൂസഫലി പറഞ്ഞു. പ്രിയ നേതാവിനെ അവസാനമായി ഒരുനോക്ക് കാണാൻ ആയിരങ്ങളാണ് തലസ്ഥാനത്തേക്ക് ഒഴുകിയെത്തുന്നത്.


URGENT CREW REQUIREMENTS – AHTS DP2 VESSEL

Invictus Shipping Pvt. Ltd. | RPSL-MUM-162163

We are urgently hiring for the following positions for our AHTS DP2 Vessel:
MASTER (NCV / DP Unlimited)
Chief Officer (NCV / DP Unlimited)
2nd Officer (NCV / FG with DP Advanced)
3rd Engineer
AB (COP Required)

**Requirements:**
- Minimum 12 months experience in rank on similar vessel type
- Valid DP Unlimited for Master, DP Unlimited for Chief Officer, & DP Advanced for 2nd Officer
- Valid PCC (6 Month) or NED cancellation
- Relevant valid documents, certificates & sea-time

*Apply Now!*
Email your updated CV to: crew@invictushipping.com
WhatsApp: +91 86554 65850 / +91 86554 65849? / +91 80048 00056



# സത്യത്തിനൊപ്പം നിൽക്കണം; പൈലറ്റുമാരെ കുറ്റപ്പെടുത്തിയുള്ള റിപ്പോർട്ടിൽ പാശ്ചാത്യ മാധ്യമങ്ങൾക്കെതിരേ വ്യോമയാനമന്ത്രി

ന്യൂഡൽഹി: രാജ്യത്തെ നടുക്കിയ അഹമ്മദാബാദ് വിമാനദുരന്തത്തിൽ രാജ്യസഭയിൽ മറുപടിയുമായി വ്യോമയാനമന്ത്രി റാം മോഹൻ നായിഡു. സത്യത്തിനൊപ്പം നിൽക്കണമെന്നും അന്തിമ റിപ്പോർട്ടിന് ശേഷമേ നിഗമനങ്ങളിൽ എത്താവൂവെന്നും മന്ത്രി പറഞ്ഞു.

അപകടത്തിൽ പൈലറ്റുമാരെ കുറ്റപ്പെടുത്തിയുള്ള റിപ്പോർട്ട് പ്രസിദ്ധീകരിച്ചതിന് പാശ്ചാത്യ മാധ്യമങ്ങളെ നായിഡു വിമർശിച്ചു. അപകടം സംബന്ധിച്ച് സ്വന്തമായി വിവരങ്ങൾ നൽകാനാണ് അവർ ശ്രമിക്കുന്നതെന്ന് മന്ത്രി കുറ്റപ്പെടുത്തി. അപകടത്തിന്റെ കൃത്യമായ കാരണങ്ങൾ അന്തിമ അന്വേഷണ റിപ്പോർട്ടിൽ പുറത്തുവരും. അന്താരാഷ്ട്ര വ്യോമയാന പ്രോട്ടോക്കോളുകൾ അനുസരിച്ചുള്ള അന്വേഷണം നടക്കുന്നുണ്ടെന്നും പൂർണ സുതാര്യതയോടെയാണ് ഇക്കാര്യം കൈകാര്യം ചെയ്യുന്നതെന്നും മന്ത്രി പറഞ്ഞു.

വ്യോമയാന മേഖലയിൽ സുരക്ഷാനടപടികൾ വിലയിരുത്തുന്നതിനും മെച്ചപ്പെടുത്തലുകൾ നിർദേശിക്കുന്നതിനുമായി കേന്ദ്ര ആഭ്യന്തര സെക്രട്ടറിയുടെ കീഴിൽ ഒരു ഉന്നതതല സമിതി രൂപീകരിച്ചിട്ടുണ്ടെന്ന് നായിഡു പാർലമെൻറിനെ അറിയിച്ചു. അന്താരാഷ്ട്രതലത്തിലുള്ള മികച്ച സംവിധാനങ്ങൾ പഠിച്ചുകൊണ്ടിരിക്കുന്ന കമ്മിറ്റി മൂന്ന് മാസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കുമെന്നും മന്ത്രി വ്യക്തമാക്കി. അപകടത്തിൽ മരിച്ച മെഡിക്കൽ വിദ്യാർഥികളുടെ കുടുംബത്തിനും യാത്രക്കാർക്ക് നൽകുന്ന അതേ സഹായധനം തന്നെ നൽകുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

## കനത്ത മഴ; ലാൻഡ് ചെയ്യുന്നതിനിടെ എയർഇന്ത്യ വിമാനം റൺവേയിൽ നിന്നും തെന്നിമാറി

മുംബൈ: ഛത്രപതി ശിവാജി മഹാരാജ് അന്താരാഷ്ട്ര വിമാനത്താവളത്തിൽ ലാൻഡ് ചെയ്യുന്നതിനിടെ എയർഇന്ത്യ വിമാനം റൺവേയിൽ നിന്നും തെന്നിമാറി. കനത്ത മഴയാണ് അപകടത്തിന് കാരണം. സംഭവത്തിൽ വിമാനത്തിന്റെ ഒരു എഞ്ചിന് തകരാർ സംഭവിച്ചു. റൺവേയ്ക്കും കേടുപാട് സംഭവിച്ചിട്ടുണ്ട്. വിമാനത്തിലുണ്ടായിരുന്ന എല്ലാ യാത്രക്കാരും സുരക്ഷിതരാണ്. കൊച്ചിയിൽ നിന്നും മുംബൈയിലേക്ക് പുറപ്പെട്ട വിമാനമാണ് അപകടത്തിൽപ്പെട്ടത്. വിമാനത്തിൽ പരിശോധനകൾ നടന്നുവരികയാണെന്ന് എയർഇന്ത്യ അറിയിച്ചു. അതേസമയം, കനത്ത മഴയെ തുടർന്ന് മുംബൈയിലെ പല പ്രദേശങ്ങളും വെള്ളത്തിനടിയിലായി. ഗതാഗത സേവനങ്ങൾ തടസപ്പെട്ടിട്ടുണ്ട്.

## ബിഷപ്പ് ഡോ. കെ. റൂബൻ മാർക്ക് സിഎസ്ഐ മോഡറേറ്റർ

ചെന്നൈ: സിഎസ്ഐ സഭാ മോഡറേറ്ററായി കരിംനഗർ ബിഷപ്പും നിലവിലെ ഡപ്യൂട്ടി മോഡറേറ്ററുമായ ഡോ. കെ. റൂബൻ മാർക്കിനെ തെരഞ്ഞെടുത്തു. മദ്രാസ് ഹൈക്കോടതി നിയോഗിച്ച അഡ്മിനിസ്ട്രേറ്റർ ജസ്റ്റീസ് വി. ഭാരതിദാസന്റെ മേൽനോട്ടത്തിലായിരുന്നു തെരഞ്ഞെടുപ്പ്. ആറു മാസമാണ് പുതിയ മോഡറേറ്ററുടെ കാലാവധി. മദ്രാസ് ഹൈക്കോടതി ഉത്തരവിനെ തുടർന്ന് മുൻ മോഡറേറ്റർ ബിഷപ്പ് ധർമരാജ് റസാലം സ്ഥാനമൊഴിഞ്ഞ സാഹചര്യത്തിലാണ് പുതിയ സഭാധ്യക്ഷനായുള്ള തെരഞ്ഞെടുപ്പ് നടന്നത്. കൗൺസിൽ രൂപീകരിക്കാത്ത സൗത്ത് കേരള മഹായിടവകയിൽ നിന്നൊഴികെ കേരളത്തിലെ മറ്റെല്ലാ മഹായിടവകകളിൽ നിന്നുമുള്ള ബിഷപ്പുമാർ അടക്കം 318 പ്രതിനിധികൾ വോട്ടെടുപ്പിൽ പങ്കെടുത്തു. സ്ഥാനമൊഴിഞ്ഞ ഡോ. ധർമരാജ് റസാലത്തിന്റെ പക്ഷക്കാരനാണ് ഡോ. കെ. റൂബൻ മാർക്ക്. അതേസമയം, വെല്ലൂർ ബിഷപ്പ് ശർമ നിത്യാനന്ദം പരാജയപ്പെട്ടു. 77 വോട്ടിന്റെ ഭൂരിപക്ഷം ആണ് റൂബൻ മാർക്ക് നേടിയത്.

സഭയിൽ മാറ്റങ്ങൾക്കായുള്ള നിയോഗമാണിതെന്ന് ഡോ. കെ. റൂബൻ മാർക്ക് പ്രതികരിച്ചു. ദക്ഷിണ കേരള മഹായിടവകയിലെ പ്രശ്നങ്ങൾ ഉടൻ പരിഹരിക്കുമെന്നും അദ്ദേഹം മാധ്യമങ്ങളോടു പറഞ്ഞു.

## അണ്ണാ ഡിഎംകെ ഓർഗൈനസിംഗ് സെക്രട്ടറി അൻവർ രാജ ഡിഎംകെയിൽ

ചെന്നൈ: അണ്ണാ ഡിഎംകെ ഓർഗൈനസിംഗ് സെക്രട്ടറി അൻവർ രാജ ഡിഎംകെയിൽ ചേർന്നു. രാമനാഥപുരത്തു അണ്ണാ ഡിഎംകെയുടെ ന്യൂനപക്ഷ വിഭഗ മുഖമാണ് മുൻ എംപിയായ അൻവർ രാജ. തമിഴ്നാട് മുഖ്യമന്ത്രി എം. കെ. സ്റ്റാലിന്റെ സാന്നിധ്യത്തിലാണ് രാജ ഡിഎംകെ അംഗത്വമെടുത്തത്. ബിജെപിയുമായി അണ്ണാ ഡിഎംകെ വീണ്ടും സഖ്യമുണ്ടാക്കിയതിൽ എടപ്പാടി കെ. പളനിസ്വാമിക്കെതിരേ അൻവർ രാജ രൂക്ഷ വിമർശനമുന്നയിച്ചിരുന്നു. ഹിന്ദി അടിച്ചേൽപ്പിക്കൽ ഉൾപ്പെടെയുള്ള ഭീഷണികളിൽനിന്നു തമിഴ്നാടിനെ രക്ഷിക്കാനാണ് താൻ ഡിഎംകെയിൽ ചേർന്നതെന്ന് അൻവർ രാജ പറഞ്ഞു.

## നക്സൽ നേതാവ് അസിസുൾ ഹഖ് അന്തരിച്ചു

കോൽക്കത്ത: പശ്ചിമബംഗാളിലെ തീവ്രവിപ്ലവ രാഷ്ട്രീയത്തിന്റെ അവസാന കണ്ണിയായ അസിസുൾ ഹഖ് (83) അന്തരിച്ചു. കവി, ചിന്തകൻ എന്നീ നിലകളിലും പ്രശസ്തനാണ്. ഏറെ നാളായി ആരോഗ്യപ്രശ്നങ്ങൾ അലട്ടിയിരുന്നു. വീട്ടിൽവച്ച് വീണ് കൈ ഒടിഞ്ഞതിനെത്തുടർന്ന് ആശുപത്രിയിൽ ചികിത്സയിലായിരുന്നു. ഇന്ന് ഉച്ചയ്ക്ക് രണ്ടരയോടെയാണ് അന്ത്യം. 1942ൽ ഹൗറയിലായിരുന്നു ജനനം. 1960 കളിലും 70 കളിലും നടന്ന ഒട്ടേറെ രക്തരൂക്ഷിത സമരങ്ങൾക്കു പിന്നിൽ പ്രവർത്തിച്ചിരുന്നു. തോക്കിൻ കുഴലിലൂടെ വിപ്ലവം എന്ന ആശയത്തിൽ ആകൃഷ്ടനായി ചാരു മജുംദാറിനൊപ്പമാണു രാഷ്ട്രീയപ്രവർത്തനം തുടങ്ങിയത്. ബിഹാറിലുൾപ്പെടെ നടന്ന നക്സൽ ആക്രമണങ്ങളുടെയും സമരങ്ങളുടെയും പേരിൽ രണ്ടു പതിറ്റാണ്ടോളം ജയിൽവാസം അനുഭവിച്ചു. 1982ൽ ഹഖിനെ വീണ്ടും അറസ്റ്റ്ചെയ്ത പശ്ചിമബംഗാളിലെ ഇടതുമുന്നണി സർക്കാർ വലിയ ജനരോഷം ഏറ്റുവാങ്ങി. ജയിൽസന്ദർശിച്ചശേഷം മന്ത്രമാരായ ദേബബ്രത ബന്ദോപദ്ധ്യായയും ജതിൻ ചക്രവർത്തിയും പരോൾ നിർദേശിച്ചാണ് രോഷം തണുപ്പിച്ചത്. ജയിലിലെ പതിനെട്ടുവർഷങ്ങൾ എന്ന പേരിലുള്ള ആത്മകഥ ബംഗാളിലെ നക്സൽ പ്രവർത്തനത്തിന്റെ നേർചിത്രമായി വിലയിരുത്തപ്പെടുന്നു. 2006ൽ ഇടതുമുന്നണി സർക്കാർ സിംഗൂറിൽ ഉൾപ്പെടെ അവതരിപ്പിച്ച വ്യവസായ നയത്തെ പിന്തുണച്ചും ഹഖ് ശ്രദ്ധേയനായിരുന്നു.

## ഹിമാചൽപ്രദേശിൽ കനത്ത മഴ; മരണസംഖ്യ 125 ആയി ഉയർന്നുങ

കുളു: ഹിമാചൽപ്രദേശിൽ കനത്തമഴയെ തുടർന്നുണ്ടായ ദുരന്തങ്ങളിൽ 125 പേർ മരിച്ചു. മണ്ണിടിച്ചിൽ, വെള്ളപ്പൊക്കം, വൈദ്യുതാഘാതം, കെട്ടിടങ്ങൾ തകരൽ തുടങ്ങിയ ദുരന്തങ്ങളിൽപ്പെട്ട് 70പേരും റോഡപകടങ്ങളെ തുടർന്ന് 55 പേരും മരിച്ചു. ജൂൺ 20 മുതലുള്ള കണക്കാണ് പുറത്തുവിട്ടത്. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി (എസ്ഡിഎംഎ) പ്രകാരം തിങ്കളാഴ്ച രാവിലെ വരെ 468 റോഡുകൾ തകർന്നു. 676 ജലവിതരണ പദ്ധതികൾ തടസപ്പെട്ടു. 1,199 ട്രാൻസ്ഫോർമറുകൾ തകരാറിലായി. മാണ്ഡി, കാംഗ്ര, കുളു, ചമ്പ തുടങ്ങിയ ജില്ലകളാണ് ഏറ്റവും കൂടുതൽ നാശനഷ്ടമുണ്ടായത്. മാണ്ഡിയിൽ മാത്രം 310 റോഡുകളും 390 ട്രാൻസ്ഫോർമറുകളും തകരാറിലായി. അതേസമയം, കംഗ്രയിൽ 595 ജലപദ്ധതികൾ തകരാറിലായതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജൂലൈ 20ന് മാത്രം ആറ് പേർ മരിച്ചു. റോഡ് അപകടങ്ങളെ തുടർന്ന് ഒരാൾ ഹാമിർപൂരിലും രണ്ട് പേർ കാംഗ്രയിലും മൂന്ന് പേർ ഷിംലയിലും മരിച്ചു. അപകടസാധ്യതയുള്ള സ്ഥലങ്ങളിൽ അത്യാവശ്യമല്ലാത്ത യാത്രകൾ ഒഴിവാക്കണമെന്ന് ഉദ്യോഗസ്ഥർ പൊതുജനങ്ങളോട് അഭ്യർഥിച്ചു. മേഖലയിലുട നീളം മഴ തുടരുമെന്ന് പ്രവചിക്കുന്നതിനാൽ അധികൃതർ ജാഗ്രതയിലാണ്.

## അതുല്യയുടെ മരണം; സതീഷിനെ ജോലിയിൽ നിന്നും പിരിച്ചുവിട്ടു

ദുബായ്: ഷാർജ റോളയിൽ കൊല്ലം സ്വദേശിനി അതുല്യയെ മരിച്ച നിലയിൽ കണ്ടെത്തിയ സംഭവത്തിൽ ആരോപണ വിധേയനായ ഭർത്താവ് സതീഷ് ശങ്കറിനെ ജോലിയിൽനിന്നും പിരിച്ചുവിട്ടു. ദുബായിലെ ഒരു സ്വകാര്യ കമ്പനിയിൽ സൈറ്റ് എഞ്ചിനീയറായിരുന്നു സതീഷ്. ജോലിയിൽ നിന്നും പിരിച്ചുവിട്ടതായി കമ്പനി രേഖാമൂലം സതീഷിനെ അറിയിച്ചു. ഒരു വർഷം മുമ്പാണ് ജോലിയിൽ പ്രവേശിച്ചത്. അതുല്യയുടെ ബന്ധുക്കൾ നൽകിയ പരാതികളും സതീഷിന്റെ അക്രമാസക്തമായ പെരുമാറ്റ വീഡിയോകളും പരിഗണിച്ചാണ് നടപടിയെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി. ശാസ്താംകോട്ട മനക്കര സ്വദേശി സതീഷ് ശങ്കറിന്റെ പീഡനമാണ് അതുല്യയുടെ മരണകാരണമെന്ന് കുടുംബവും സുഹൃത്തുക്കളും ആരോപിച്ചിരുന്നു. ഇതു ശരിവയ്ക്കുന്ന വീഡിയോ ദൃശ്യങ്ങളും വാട്സാപ്പ് ചാറ്റുകളും ശബ്ദസന്ദേശങ്ങളും പുറത്ത് വരികയും ചെയ്തു. ശനിയാഴ്ചയാണ് അതുല്യയെ ഷാർജയിലെ താമസ സ്ഥലത്ത് മരിച്ച നിലയിൽ കണ്ടെത്തിയത്.

## ഡൽഹിയിൽ ട്രക്കിടിച്ച് കാൽനടയാത്രക്കാരൻ മരിച്ചു; മൂന്ന് പേർക്ക് പരിക്ക്

ന്യൂഡൽഹി: സരിത വിഹാർ പ്രദേശത്ത് ട്രക്ക് കാൽനടയാത്രക്കാരെ ഇടിച്ചു തെറിപ്പിച്ചു. ഒരാൾ മരിച്ചു. മൂന്ന് പേർക്ക് ഗുരുതരമായി പരിക്കേറ്റു. ദക്ഷിണ പുരി സ്വദേശിയായ സാബിർ (36) ആണ് മരിച്ചത്. മുഹമ്മദ് ഷാനുർ, സുരേഷ്, ബിപ്തി എന്നിവർക്കാണ് പരിക്കേറ്റത്. ഇവരെ അപ്പോളോ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഓഖ്ല ടാങ്ക് ബസ് സ്റ്റാൻറിന് സമീപത്താണ് അപകടം നടന്നത്. ആശ്രം ഭാഗത്ത് നിന്ന് വന്ന ട്രക്ക് ആദ്യം വഴിയരികിൽ നിർത്തിയിട്ടിരുന്ന ബൈക്ക് ഇടിച്ചുതെറിപ്പിച്ചു. പിന്നീടാണ് കാൽനടയാത്രക്കാരെ ഇടിച്ചത്. ഗ്യാസ് സിലിണ്ടറുകളുമായാണ് ട്രക്ക് വന്നത്.

## ത്രിരാഷ്ട്ര ടി20 പരമ്പര: ദക്ഷിണാഫ്രിക്ക ഇന്ന് ന്യൂസിലൻഡിനെ നേരിടും

ഹരാരെ: ത്രിരാഷ്ട്ര ടി20 പരമ്പരയിൽ ദക്ഷിണാഫ്രിക്ക ഇന്ന് ന്യൂസിലൻഡിനെ നേരിടും. ഇന്ത്യൻ സമയം വൈകുന്നേരം 4.30 മുതലാണ് മത്സരം നടക്കുക. ഹരാരെ സ്പോർട്സ് ക്ലബ് സ്റ്റേഡിയമാണ് വേദി. ഇരു ടീമുകളും പരമ്പരയിലെ മൂന്നാം വിജയം ലക്ഷ്യമിട്ടാണ് കളത്തിലിറങ്ങുന്നത്. ദക്ഷിണാഫ്രിക്ക രണ്ട് തവണ സിംബാബ്‌വെയെ തോൽപ്പിച്ചപ്പോൾ ന്യൂസിലൻഡ് ഒരു തവണ ദക്ഷിണാഫ്രിക്കയേയും ഒരു തവണ സിംബാബ്‌വെയേയും പരാജയപ്പെടുത്തി. ഇരു ടീമുകളും ഏറ്റുമുട്ടിയ കഴിഞ്ഞ മത്സരത്തിൽ 21 റൺസിനാണ് ന്യൂസിലൻഡ് വിജയിച്ചത്.

## ഓൺലൈൻ അപേക്ഷ ക്ഷണിച്ചു

2025–26 ലെ സംയോജിത പഞ്ചവത്സര എൽ.എൽ.ബി. കോഴ്സുകളിൽ കേരളത്തിലെ നാല് ഗവൺമെന്റ് കോളേജുകളിലെ മുഴുവൻ സീറ്റുകളിലും, 30 സ്വകാര്യ സ്വാശ്രയ ലോ കോളേജുകളിൽ 50 ശതമാനം സർക്കാർ സീറ്റുകളിലും പ്രവേശനത്തിനുള്ള കേന്ദ്രീകൃത അലോട്ട്മെന്റ് നടപടിക്രമങ്ങൾ 21ന് ആരംഭിച്ചു. വിദ്യാർഥികൾക്ക് www.cee.kerala.gov.in ലൂടെ ജൂലൈ 27ന് രാത്രി 11.59 വരെ തിരഞ്ഞെടുത്ത് രജിസ്റ്റർ ചെയ്യാം. വിശദ വിവരങ്ങൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. ഹെൽപ്പ് ലൈൻ: 0471 – 2332120,

# ഇരുകൂട്ടരുടെയും രക്തം കച്ചവടം ചെയ്യുന്നു'; സാമുവൽ ജെറോമിനെതിരേ തലാലിന്റെ സഹോദരൻ

സന: വധശിക്ഷയ്ക്ക് വിധിക്കപ്പെട്ട് യെമൻ ജയിലിൽ കഴിയുന്ന നിമിഷപ്രിയയുടെ മോചനത്തിനായി ഇടപെടൽ നടത്തുന്ന മനുഷ്യാവകാശ പ്രവർത്തകൻ സാമുവൽ ജെറോമിനെതിരെ കൊല്ലപ്പെട്ട തലാലിന്റെ സഹോദരൻ.

മധ്യസ്ഥതയുടെ പേരിൽ സാമുവൽ ജെറോ പണം പിരിക്കുകയാണ്, ഇയാൾ ഇതുവരെ ചർച്ചകൾക്കായി തങ്ങളെ കണ്ടിട്ടില്ലെന്നും തലാലിന്റെ സഹോദരൻ ഫത്താഹ് അബ്ദുൾ മെഹ്ദി ഫേസ്ബുക്ക് പോസ്റ്റിലൂടെ ആരോപിക്കുന്നു.അറബിയിലും മലയാളത്തിലും ഇംഗ്ലീഷിലും പങ്കുവച്ച പോസ്റ്റിൽ സാമുവൽ ജെറോം അഭിഭാഷകൻ അല്ലെന്നും മഹ്ദി ആരോപിക്കുന്നു. പല വേദികളിൽ നിന്നും സാമുവൽ ജെറോം പണം പിരിക്കുന്നു. നിമിഷ പ്രിയയുടെ വധ ശിക്ഷ ശരിവച്ച പ്രസിഡൻറിന്റെ ഉത്തരവിന് ശേഷം ജെറോമിനെ സനയിൽ വച്ച് കണ്ടിരുന്നു. അന്ന് സന്തോഷം നിറഞ്ഞ മുഖത്തോടെ തങ്ങളെ അഭിനന്ദിക്കുകയാണ് ഉണ്ടായത്.

പിന്നീട് വാർത്തകളിൽ നിന്നറിഞ്ഞത് ദയാ ധനമായി 12000 ഡോളർ തങ്ങൾ ആവശ്യപ്പെട്ടെന്നും അത് പിരിക്കുകയാണെന്നുമാണ്. മധ്യസ്ഥത എന്ന പേരിൽ ഇരുകൂട്ടരുടെയും രക്തം കച്ചവടം ചെയ്യുകയാണ് സാമുവൽ ജെറോം ചെയ്തത്. മധ്യസ്ഥതയുടെ പേരിൽ ഇദ്ദേഹം ഒരിക്കൽ പോലും തന്റെ കുടുംബത്തെ ബന്ധപ്പെട്ടിട്ടില്ല. ഇക്കാര്യം തെളിയിക്കാൻ വെല്ലുവിളിക്കുന്നതായും ഫത്താഹ് അബ്ദുൾ മെഹ്ദി പോസ്റ്റിൽ പറയുന്നു. ഫത്താഹ് അബ്ദുൾ മെഹ്ദി പോസ്റ്റിന് പിന്നാലെ ഈ വിഷയത്തിൽ കേരളത്തിലും ചർച്ചകൾ സജീവമായി. പോസ്റ്റ് പങ്കുവച്ച് സുപ്രീംകോടതി അഭിഭാഷകനും സേവ് നിമിഷപ്രിയ ആക്ഷൻ കൗൺസിൽ നിയമോപദേഷ്ടാവുമായ അഡ്വ. സുഭാഷ് ചന്ദ്രൻ കെ. ആർ രംഗത്തെത്തി. ഒരേ സമയം ദയ കാത്തു കഴിയുന്ന നിമിഷയുടെ കുടുംബവും ഇരയായ തലാൽ മെഹ്ദിയുടെ കുടുംബവും വഞ്ചിക്കപ്പെട്ടു എന്ന ആശങ്കയാണ് അഡ്വ. സുഭാഷ് ചന്ദ്രൻ കെ ആർ പങ്കുവയ്ക്കുന്നത്.

മരണത്തിന്റെ വ്യാപാരികൾ എന്ന് തുടങ്ങുന്ന പോസ്റ്റിൽ മനുഷ്യജീവൻ വച്ചുള്ള കച്ചവടമാണ് നടന്നതെന്ന ചോദ്യമാണ് അദ്ദേഹം പങ്കുവയ്ക്കുന്നത്. ഞങ്ങൾ പൂർണമായും തലാലിന്റെ കുടുംബത്തിന്റെ വികാരങ്ങളെ മാനിക്കുന്നു. തെറ്റ് ചെയ്ത സഹോദരി നിമിഷക്കു വേണ്ടി നിരുപാധികം മാപ്പിരക്കുന്നു എന്നും അദ്ദേഹം പറയുന്നു.

## തരൂർ പങ്കെടുത്താൽ യോഗത്തിന്റെ രഹസ്യസ്വഭാവം നഷ്ടപ്പെടും: രാജ്മോഹൻ ഉണ്ണിത്താൻ

ന്യൂഡൽഹി: കോൺഗ്രസ് പാർലമെൻററി പാർട്ടി യോഗത്തിൽ ശശി തരൂരിനെ പങ്കെടുപ്പിക്കുന്നതിനെ എതിർത്ത് രാജ്മോഹൻ ഉണ്ണിത്താൻ എംപി. തരൂർ പങ്കെടുത്താൽ യോഗത്തിന്റെ രഹസ്യ സ്വഭാവം നഷ്ടപ്പെടുമെന്നും വിവരങ്ങൾ മോദിക്ക് ചോർത്തിക്കൊടുക്കുമെന്നും ആരോപിച്ചു.

പാർലമെൻററി പാർട്ടി യോഗത്തിൽ പങ്കെടുക്കണമെങ്കിൽ തരൂരിന് അപാരതൊലിക്കട്ടി തന്നെ വേണമെന്നും രാജ്മോഹൻ ഉണ്ണിത്താൻ പരിഹസിച്ചു.

തരൂരിന് വേണമെങ്കിൽ സ്വയം കോൺഗ്രസിൽ നിന്നും പുറത്തേക്ക് പോകാം. ഇനി തരൂരിന് ചെയ്യാൻ കഴിയുന്ന ഏറ്റവും നല്ല കാര്യമതാണ്. എല്ലാവരും അത് ആഗ്രഹിക്കുന്നുവെന്നും കോൺഗ്രസ് പുറത്താക്കി സ്വയം രക്തസാക്ഷിയാവാൻ തരൂർ നോക്കേണ്ടതില്ലെന്നും ഉണ്ണിത്താൻ തുറന്നടിച്ചു.

നേതൃത്വത്തെ കരിവാരിത്തേക്കുന്ന പ്രസ്താവനകൾ നടത്തുന്ന തരൂരിനെതിരായ പ്രതിഷേധം എംപിമാർ യോഗത്തിൽ അറിയിക്കും. ജനത്തിന് വിശ്വാസമില്ലാത്ത തരൂരിന് സ്വന്തം പാർട്ടി രൂപീകരിക്കാനാവില്ലെന്നും ഉണ്ണിത്താൻ കൂട്ടിച്ചേർത്തു.

തരൂർ ചെയ്യുന്നതെല്ലാം പാർട്ടിക്ക് ദോഷകരമായ കാര്യങ്ങളാണ്. പാർട്ടി തന്നെ പുറത്താക്കണമെന്നാണ് തരൂർ ആഗ്രഹിക്കുന്നത്. എന്നാൽ, പാർട്ടി അദ്ദേഹത്തെ പുറത്താക്കില്ല. വിഷയത്തിൽ കോൺഗ്രസ് ഹൈക്കമാൻഡ് ഉചിതമായ സമയത്ത് ഉചിതമായ തീരുമാനം എടുക്കുമെന്നും രാജ്മോഹൻ ഉണ്ണിത്താൻ നേരത്തെ വ്യക്തമാക്കിയിരുന്നു.

## പഹൽഗാമിൽ ചർച്ച ആവശ്യപ്പെട്ട് പ്രതിപക്ഷ ബഹളം; ലോക്സഭ ഉച്ചയ്ക്ക് 12 വരെ നിർത്തിവച്ചു

ന്യൂഡൽഹി: പഹൽഗാമിൽ ചർച്ച ആവശ്യപ്പെട്ടുള്ള പ്രതിപക്ഷ ബഹളത്തെ തുടർന്ന് ലോക്സഭ ഉച്ചയ്ക്ക് 12 വരെ നിർത്തിവച്ചു. ചോദ്യോത്തരവേളയ്ക്ക് ശേഷം വിഷയം ചർച്ച ചെയ്യണോ എന്ന കാര്യം ആലോചിക്കാമെന്ന് സ്പീക്കർ നിലപാടെടുത്തു.

എന്നാൽ ചോദ്യോത്തരവേളയ്ക്കിടെ തന്നെ പ്രതിപക്ഷം നടുത്തളത്തിലിറങ്ങി പ്രതിഷേധിക്കുകയായിരുന്നു. സ്പീക്കറുടെ ചെയറിന് അടുത്തെത്തി മുദ്രാവാക്യം വിളിച്ചായിരുന്നു പ്രതിഷേധം. ഇതോടെ സഭ ഉച്ചവരെ നിർത്തിവയ്ക്കുന്നതായി സ്പീക്കർ അറിയിച്ചു.

അതേസമയം ഓപ്പറേഷൻ സിന്ദൂർ 100 ശതമാനം വിജയമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പാർലമെൻറിനെ അഭിസംബോധന ചെയ്തുകൊണ്ട് പറഞ്ഞു. ഓപ്പറേഷൻ സിന്ദൂറിലൂടെ ഇന്ത്യയുടെ സൈനിക ശക്തി ലോകം തിരിച്ചറിഞ്ഞു. ഭീകര കേന്ദ്രങ്ങൾ മിനിറ്റുകൾക്കുള്ളിൽ ആക്രമിച്ച് തകർത്തെന്നും മോദി കൂട്ടിച്ചേർത്തു.

## മുംബൈ ട്രെയിൻ സ്ഫോടനക്കേസ്; പ്രതികളെ വെറുതെവിട്ട വിധിക്കെതിരെ മഹാരാഷ്ട്ര സർക്കാർ സുപ്രീംകോടതിൽ

മുംബൈ: 2006ലെ മുംബൈ ട്രെയിൻ സ്ഫോടന കേസിലെ 12 പ്രതികളെയും വെറുതെ വിട്ട് ബോംബൈ ഹൈക്കോടതിക്കെതിരെ മഹാരാഷ്ട്ര സർക്കാർ സുപ്രീംകോടതിയിൽ. ഹർജി കോടതി വ്യാഴാഴ്ചത്തേക്ക് മാറ്റി. തിങ്കളാഴ്ചയാണ് കേസിലെ 12 പ്രതികളെ വെറുതെ വിട്ടുകൊണ്ട് ബോംബെ ഹൈക്കോടതി ഉത്തരവിട്ടത്. 2015ൽ വിചാരണക്കോടതി 12 പ്രതികളും കുറ്റക്കാരാണെന്ന് കണ്ടെത്തിയിരുന്നു. തുടർന്ന് ഇവരിൽ അഞ്ച് പേർക്ക് വധശിക്ഷയും മറ്റുള്ളവർക്ക് ജീവപര്യന്തം തടവും ശിക്ഷയായി വിധിച്ചിരുന്നു. 189 പേർ കൊല്ലപ്പെടുകയും 800 ലധികം പേർക്ക് പരിക്കേൽക്കുകയും ചെയ്ത സംഭവം നടന്ന് 19 വർഷങ്ങൾക്ക് ശേഷമാണ് കോടതി പ്രതികളെ വെറുതെ വിട്ടത്.

കോടതി വിധി ഞെട്ടിപ്പിക്കുന്നതാണെന്നും ഇതിനെതിരെ സംസ്ഥാനം സുപ്രീംകോടതിയെ സമീപിക്കുമെന്നും മുഖ്യമന്ത്രി ദേവേന്ദ്ര ഫഡ്നാവിസ് തിങ്കളാഴ്ച പ്രതികരിച്ചിരുന്നു.

## പരിശോധന പൂർത്തിയായി; ബോയിംഗ് വിമാനങ്ങളിലെ ഇന്ധന നിയന്ത്രണ സ്വിച്ചുകളിൽ തകരാറില്ല

ന്യൂഡൽഹി: ബോയിംഗ് വിമാനങ്ങളിലെ ഫ്യൂവൽ കൺട്രോൾ സ്വിച്ച് പരിശോധനകൾ പൂർത്തിയായി. പരിശോധനയിൽ ലോക്കിംഗ് സംവിധാനത്തിൽ പ്രശ്നങ്ങളൊന്നും കണ്ടെത്തിയില്ലെന്ന് എയർ ഇന്ത്യ അറിയിച്ചു. ബോയിംഗ് -787,ബോയിംഗ്- 737 ശ്രേണിയിലുള്ള വിമാനങ്ങളിലാണ് പരിശോധന നടത്തിയത്. വ്യോമയാന നിരീക്ഷണ ഏജൻസിയായ ഡയറക്ടറേറ്റ് ജനറൽ ഓഫ് സിവിൽ ഏവിയേഷന്റെ (ഡിജിസിഎ) നിർദേശത്തെ തുടർന്നായിരുന്നു പരിശോധന. അഹമ്മദാബാദിൽ എയർ ഇന്ത്യ ബോയിംഗ് 787-8 ഡ്രീംലൈനർ വിമാനം തകർന്നുണ്ടായ അപകടത്തിന് പിന്നാലെയാണ് എയർ ഇന്ത്യ പരിശോധന ആരംഭിച്ചത്. മുൻകരുതലെന്ന നിലയിലാണ് ഫ്യുവൽ കൺട്രോൾ സ്വിച്ചുകളുടെ ലോക്കിംഗ് സംവിധാനത്തിൽ പ്രശ്നങ്ങളുണ്ടോയെന്ന് പരിശോധിച്ചത്.

ബോയിംഗ് വിമാനങ്ങളിലെ ഫ്യുവൽ കൺട്രോൾ സ്വിച്ചുകളുടെ ലോക്കിംഗ് സംവിധാനം സുരക്ഷിതമാണെന്ന് യുഎസ് റെഗുലേറ്ററായ ഫെഡറൽ ഏവിയേഷൻ അഡ്മിനിസ്ട്രേഷനും (എഫ്എഎ), ബോയിങ്ങും നേരത്തേ തന്നെ വ്യക്തമാക്കിയിരുന്നു.

അഹമ്മദാബാദ് വിമാന ദുരന്തത്തിന്റെ പ്രാഥമിക അന്വേഷണ റിപ്പോർട്ടിൽ ടേക്ക് ഓഫ് ചെയ്ത് സെക്കൻഡുകൾക്കകം വിമാനത്തിന്റെ രണ്ട് എൻജിനുകളുടെയും പ്രവർത്തനം നിലച്ചതാണ് അപകടത്തിന് കാരണമായതെന്നും ഇതിന് ഇടയാക്കിയത് എൻജിനുകളിലേക്ക് ഇന്ധനം നൽകുന്ന സ്വിച്ചുകൾ ഓഫ് ആയിരുന്നതിനാലാണെന്നും കണ്ടെത്തിയിരുന്നു.

## സാങ്കേതിക തകരാർ; ഇൻഡിഗോ വിമാനം തിരിച്ചിറക്കി

ഹൈദരാബാദ്: സാങ്കേതിക തകരാറിനെ തുടർന്ന് പറന്നുയർന്ന് മിനിറ്റുകൾക്കകം യാത്രാവിമാനം തിരിച്ചിറക്കി. ഇൻഡിഗോയുടെ എയർബസ് എ321 നിയോ മോഡലിലുള്ള വിമാനമാണ് ഞായറാഴ്ച രാത്രി 7: 42ന് തിരുപ്പതി വിമാനത്താവളത്തിൽ നിന്ന് ഹൈദരാബാദിലേക്ക് പുറപ്പെട്ടത്.

എന്നാൽ സാങ്കേതിക പ്രശ്നം ശ്രദ്ധയിൽ പെട്ടതോടെ വെങ്കടഗിരി പട്ടണം വരെ എത്തിയ ശേഷം വിമാനം തിരികെ തിരുപ്പതിയിലേക്ക് തന്നെ പോയി.

തിരുപ്പതിയിലേക്ക് തിരിച്ചെത്തിയെങ്കിലും വിമാനത്താവളത്തിലിറങ്ങാനുള്ള അനുമതി കിട്ടുന്നത് വരെ ഏകദേശം 40 മിനിറ്റ് വിമാനത്താവളത്തിന് സമീപം ആകാശത്ത് വട്ടമിട്ട് പറന്നതിന് ശേഷമാണ് ലാൻഡ് ചെയ്തത്.


ഇൻഡിഗോ വെബ്സൈറ്റ് പ്രകാരം, വിമാനം രാത്രി 7: 20ന് തിരുപ്പതിയിൽ നിന്ന് പുറപ്പെട്ട് രാത്രി 8: 30ന് ഹൈദരാബാദിൽ എത്തേണ്ടതായിരുന്നു വിമാനം. അന്നേ ദിവസത്തെ ഹൈദരാബാദിലേക്ക് പോകേണ്ട അവസാന ഷെഡ്യൂൾ വിമാനം ആയിരുന്നു ഇത്.

തിരിച്ചിറക്കിയ ശേഷം വിമാനം റദ്ദാക്കിയതായും റിപ്പോർട്ടുണ്ട്. റീഷെഡ്യൂളിംഗ് സംബന്ധിച്ച് യാത്രക്കാർ ഇൻഡിഗോ സ്റ്റാഫുമായി വാക്കുതർക്കത്തിൽ ഏർപ്പെടുന്നതിന്റെ വീഡിയോ ദൃശ്യങ്ങൾ സാമൂഹിക മാധ്യമങ്ങളിൽ വ്യാപകമായി പ്രചരിച്ചിരുന്നു. ഈ സംഭവത്തിൽ ഇതുവരെ ഇൻഡിഗോ ഔദ്യോഗിക പ്രസ്താവന പുറപ്പെടുവിച്ചിട്ടില്ല.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

NAUTICAL TIMES
KERALA





*പ്രിയ നേതാവിനെ ഒരു നോക്കു കാണുവാൻ ജനപ്രവാഹം*

# കേന്ദ്ര സർക്കാരും ആദരം അർപ്പിക്കും; പ്രത്യേക പ്രതിനിധിയെ അയക്കും

ന്യൂഡൽഹി: കേരളത്തിന്റെ മുൻ മുഖ്യമന്ത്രിയും മുതിർന്ന സിപിഎം നേതാവുമായ വി. എസ്. അച്യുതാനന്ദന് കേന്ദ്ര സർക്കാരും ആദരം അർപ്പിക്കും. സംസ്കാര ചടങ്ങുകളിൽ അന്തിമോപചാരമർപ്പിക്കാൻ പ്രത്യേക പ്രതിനിധിയെ അയക്കുമെന്ന് കേന്ദ്ര സർക്കാർ വ്യക്തമാക്കി. അതേസമയം വി എസ് അച്യുതാനന്ദനോടുള്ള ആദര സൂചകമായി സംസ്ഥാനത്ത് 3 ദിവസം ഔദ്യോഗിക ദുഃഖാചരണം പ്രഖ്യാപിച്ചിട്ടുണ്ട്. ഇന്ന് സംസ്ഥാനത്ത് പൊതു അവധിയും പ്രഖ്യാപിച്ചുണ്ട്. ഇന്ന് സംസ്ഥാനത്തെ എല്ലാ സർക്കാർ ഓഫീസുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവക്ക് അവധി പ്രഖ്യാപിച്ചിട്ടുണ്ട്. ഈ ദിവസങ്ങളിൽ സർക്കാർ കെട്ടിടങ്ങളിൽ ദേശീയ പതാക പകുതി താഴ്ത്തിക്കെട്ടും. സംസ്ഥാനത്ത് പൊതു അവധി പ്രഖ്യാപിച്ചതിനാൽ ഇന്നത്തെ എല്ലാ പരീക്ഷകളും ഇൻറർവ്യൂകളും മാറ്റി വച്ചെന്ന് പിഎസ്‌സി അറിയിച്ചിട്ടുണ്ട്. പുതുക്കിയ തീയതി പിന്നീട് അറിയിക്കുമെന്നും പി എസ് സി വാർത്താക്കുറിപ്പിലൂടെ അറിയിച്ചു. വി. എസിന്റെ നിര്യാണത്തെ തുടർന്ന് ഇന്ന് നടത്താനിരുന്ന കാലിക്കറ്റ് സർവകലാശാലാ വിദ്യാർഥി യൂണിയൻ തെരഞ്ഞെടുപ്പും മാറ്റിയിട്ടുണ്ട്. ഈ മാസം 26 ലേക്കാണ് തെരഞ്ഞെടുപ്പ് മാറ്റിയത്. ഹൃദയാഘാതത്തെ തുടർന്ന് തിരുവനന്തപുരത്തെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലിരിക്കെ തിങ്കളാഴ്ച വൈകുന്നേരം 3.20 നായിരുന്നു വി. എസ് അച്യുതാനന്ദൻ ജിവിതത്തോട് വിടപറഞ്ഞത്.

# കോടതിയലക്ഷ്യ നടപടി: ആർ. രാജേഷിന്റെ അപ്പീൽ ഹർജി തള്ളി

കൊച്ചി: കേരള സർവകലാശാലാ വിഷയത്തിൽ ജഡ്ജിമാർക്കെതിരായ ഫേയ്സ്ബുക്ക് പരാമർശത്തിന്മേൽ കോടതിയലക്ഷ്യ നടപടി സ്വീകരിച്ചതിനെതിരേ സർവകലാശാല സിൻഡിക്കറ്റംഗവും മുൻ എംഎൽഎയുമായ ആർ. രാജേഷ് നൽകിയ അപ്പീൽ ഹൈക്കോടതി ഡിവിഷൻ ബെഞ്ച് തള്ളി.

ഈ ഘട്ടത്തിൽ അപ്പീൽ നിലനിൽക്കില്ലെന്നു വിലയിരുത്തിയാണ് ജസ്റ്റീസുമാരായ അനിൽ കെ. നരേന്ദ്രൻ, എസ്. മുരളീകൃഷ്ണ എന്നിവരടങ്ങുന്ന ബെഞ്ചിന്റെ ഉത്തരവ്. അപ്പീൽ ഹർജിയിൽ രജിസ്ട്രി 'ഡിഫെക്ട്' രേഖപ്പെടുത്തിയതിൽ തെറ്റില്ലെന്നും കോടതി വ്യക്തമാക്കി. 'ഹൈക്കോടതിയിൽ ഇരിക്കുന്നതു നീതിദേവതയാണ്, കാവിക്കൊടിയേന്തിയ സ്ത്രീ' എന്ന തലക്കെട്ടിൽ കഴിഞ്ഞ ആറിനു രാജേഷിട്ട പോസ്റ്റിന്റെ പേരിലായിരുന്നു സിംഗിൾ ബെഞ്ച് കോടതിയലക്ഷ്യ നടപടിക്ക് ഉത്തരവിട്ടത്. കോടതിയലക്ഷ്യ നടപടിയുടെ ഭാഗമായി രാജേഷ് ബുധനാഴ്ച രാവിലെ 10. 15ന് കോടതിയിൽ ഹാജരാകാനും തുടർനടപടികൾക്കു കേസ് ചീഫ് ജസ്റ്റീസിന്റെ പരിഗണനയ്ക്കു വിടാനും ഉത്തരവിട്ടിരുന്നു. എന്നാൽ, ഇത്തരത്തിൽ ഉത്തരവ് പുറപ്പെടുവിക്കാനാകില്ലെന്നു ചൂണ്ടിക്കാട്ടിയാണ് രാജേഷ് അപ്പീൽ നൽകിയത്. കുറ്റം ചുമത്താൻ സിംഗിൾ ബെഞ്ചിന് അധികാരമില്ല. ഇതു ചീഫ് ജസ്റ്റീസാണു തീരുമാനിക്കേണ്ടതെന്നും ഹർജിക്കാരൻ ചൂണ്ടിക്കാട്ടി. എന്നാൽ, ഈ ഘട്ടത്തിൽ അപ്പീൽ നൽകാനാകില്ലെന്നായിരുന്നു ഹൈക്കോടതിക്കുവേണ്ടി ഹാജരായ അഭിഭാഷകന്റെ വാദം. കോടതി സ്വീകരിച്ച സ്വമേധയാ ഹർജിയിൽ നടപടിയുടെ പ്രാഥമിക ഘട്ടം മാത്രമേ ആയിട്ടുള്ളൂ.

കക്ഷി ഹാജരായശേഷം മാത്രമേ വാദം ആരംഭിക്കുകയുള്ളൂ. നടപടിയിൽ ശിക്ഷാ ഉത്തരവുണ്ടായിട്ടില്ല. അതിനാൽ, ഈ ഘട്ടത്തിൽ അപ്പീൽ നിലനിൽക്കില്ലെന്നും ചൂണ്ടിക്കാട്ടി. ഇക്കാര്യം കോടതി ശരിവയ്ക്കുകയായിരുന്നു.

## ഉപരാഷ്ട്രപതിയുടെ രാജി; സർക്കാരിന്റെയും ധൻകറിൻറേയും കാര്യമെന്ന് ഖാർഗെ

ന്യൂഡൽഹി: ഉപരാഷ്ട്രപതിയുടെ രാജി സർക്കാരിൻറേയും ധൻകറിൻറേയും കാര്യമെന്ന് കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജ്ജുൻ ഖർഗെ. വിഷയത്തിൽ ഇടപെടാനില്ലെന്നും ഖാർഗെ പ്രതികരിച്ചു. തിങ്കളാഴ്ചയായിരുന്നു ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകറുടെ അപ്രതീക്ഷിത രാജി. ആരോഗ്യ സംരക്ഷണത്തിന് മുൻഗണന നൽകുകയാണെന്നും ഭരണഘടനയുടെ ആർട്ടിക്കിൾ 67(എ) അനുസരിച്ചാണ് രാജിവയ്ക്കുന്നതെന്ന് രാഷ്ട്രപതി ദ്രൗപദി മുർമുവിന് അയച്ച കത്തിൽ പറയുന്നു.

# 15കാരിയെ വീട്ടിലെത്തി പീഡിപ്പിച്ചു; ഫേസ്ബുക്ക് സുഹൃത്ത് അറസ്റ്റിൽ

കോഴഞ്ചേരി: പതിനഞ്ചുകാരിയെ മാതാപിതാക്കളുടെ അറിവോടെ വീട്ടിലെത്തി ലൈംഗിക പീഡനത്തിനും അതിക്രമത്തിനും ഇരയാക്കിയ കേസിൽ കോഴിക്കോട് സ്വദേശിയെ കോയിപ്രം പോലീസ് അറസ്റ്റ് ചെയ്തു. കോഴിക്കോട് നരിക്കുനി മണ്ണാറചാലിൽ വീട്ടിൽ സനോജാണ് (41) പിടിയിലായത്.

കഴിഞ്ഞ ജൂൺ 27നാണ് ഇയാൾ കുട്ടിയുടെ വീട്ടിലെത്തിയത്. തുടർന്നുള്ള ദിവസങ്ങളിൽ വീട്ടിൽ കുട്ടിയോട് ഇയാൾ ലൈംഗിക അതിക്രമം കാട്ടുകയും, ബലാത്സംഗത്തിന് ഇരയാക്കുകയും ചെയ്തുവെന്നാണ് മൊഴി. കേസിൽ കുട്ടിയുടെ അച്ഛനും അമ്മയും രണ്ടും മൂന്നും പ്രതികളാണ്.

ഒരു വർഷം മുമ്പാണ് പെൺകുട്ടി ഫേസ്ബുക്ക് വഴി സനോജിനെ പരിചയപ്പെടുന്നത്. പത്താം ക്ലാസിൽ പഠിക്കുമ്പോൾ അമ്മ വാങ്ങിനൽകിയ പുതിയ ഫോണിലൂടെ ആയിരുന്നു ഇരുവരും സന്ദേശങ്ങൾ അയച്ചിരുന്നത്. വീഡിയോ കോൾ ചെയ്യുകയും ചെയ്യാറുണ്ടായിരുന്നു.

എൻസിസി ക്യാമ്പിൽ ജോലി ആണെന്നും മറ്റും ഇയാൾ ബോധ്യപ്പെടുത്തിയിരുന്നു. കുട്ടിയുടെ മാതാപിതാക്കളുടെ വിശ്വാസം ആർജിച്ചെടുത്ത ഇയാൾ തുടർന്നാണ് ഇവരുടെ അറിവോടെ വീട്ടിലെത്തിയതും, കുട്ടിയെ ലൈംഗികമായി പീഡിപ്പിച്ചതെന്നും പറയുന്നു. തുടർന്ന് ബന്ധു മരിച്ചെന്ന് പറഞ്ഞ് വീട്ടിൽ നിന്നു പോയതാണ്.

കുട്ടിയുടെ സ്വഭാവത്തിൽ മാറ്റം കണ്ട സ്കൂൾ അധ്യാപകരാണ് വിവരങ്ങൾ ആദ്യം ചോദിച്ചറിഞ്ഞത്. ചൈൽഡ്‌ലൈൻ മുഖേന പോലീസിനെ അറിച്ചു. കോയിപ്രം പോലീസ് വനിതാ എസ്ഐ ഐ. വി ആശ പെൺകുട്ടിയുടെ വിശദമായ മൊഴി വൺ സ്റ്റോപ്പ് സെൻററിലെത്തി രേഖപ്പെടുത്തി.

മൊഴി പിന്നീട് കോടതിയിലും രേഖപ്പെടുത്തി. പോലീസ് ഇൻസ്പെക്ടർ പി. എം. ലിബിയുടെ നേതൃത്വത്തിലുള്ള അന്വേഷണം സംഘത്തിൽ സിപിഒമാരായ റഷാദ്, അഖിലേഷ്, ടോജോ എന്നിവർ ഉൾപ്പെടുന്നു.

# വിഎസിന് വിട ചൊല്ലി തലസ്ഥാനം; വിലാപയാത്ര ആലപ്പുഴയിലേക്ക്; ഓർമപൂക്കൾ അർപ്പിച്ച് ആയിരങ്ങൾ

തിരുവനന്തപുരം: മുൻ മുഖ്യമന്ത്രിയും മുതിർന്ന സിപിഎം നേതാവുമായ വി. എസ്. അച്യുതാനന്ദന് യാത്രാമൊഴിയേകി തലസ്ഥാനം. ഭൗതികശരീരം വിലാപയാത്രയായി ജന്മനാടായ ആലപ്പുഴയിലേക്ക് കൊണ്ടുപോയി.

വഴിയിലുടനീളം തങ്ങളുടെ പ്രിയ നേതാവിനെ അവസാനമായി ഒരു നോക്ക് കാണാൻ ആയിരങ്ങളാണ് തടിച്ചുകൂടിയത്. മുഖ്യമന്ത്രി പിണറായി വിജയനും മന്ത്രിമാരും പ്രതിപക്ഷ നേതാവും വിവിധ രാഷ്ട്രീയ പാർട്ടി നേതാക്കളും സെക്രട്ടറിയേറ്റ് ദർബാർ ഹാളിലെത്തി വിഎസിന് അന്ത്യാഞ്ജലി അർപ്പിച്ചിരുന്നു.

വൈകിട്ട് ആലപ്പുഴയിലെ വേലിക്കകത്ത് വീട്ടിൽ മൃതദേഹം പൊതുദർശനത്തിന് വയ്ക്കും. തുടർന്ന് ബുധനാഴ്ച രാവിലെ ആലപ്പുഴയിലെ ജില്ലാ കമ്മിറ്റി ഓഫീസിലെ പൊതുദർശനത്തിന് ശേഷം വൈകുന്നരം വലിയ ചുടുകാട്ടിൽ സംസ്കാരം നടത്താനാണ് തീരുമാനം.

ഹൃദയാഘാതത്തെ തുടർന്ന് തിരുവനന്തപുരത്തെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലിരിക്കെ തിങ്കളാഴ്ച വൈകുന്നേരം 3.20 നായിരുന്നു വി. എസ്. അച്യുതാനന്ദൻ ജിവിതത്തോട് വിടപറഞ്ഞത്.

# വി. എസിന്റെ ജീവിതം കരുത്തുറ്റ സംഭാവനകൾ കൊണ്ട് സമ്പന്നം: എം. എ. ബേബി

തിരുവനന്തപുരം: വി. എസിന്റെ വിയോഗം തൊഴിലാളി വർഗത്തിനും ഇന്ത്യയിലെ പ്രത്യേകിച്ച് കേരളത്തിലെ കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിനും അളക്കാനാകാത്ത നഷ്ടമാണ് ഉണ്ടാക്കിയിരിക്കുന്നതെന്ന് പാർട്ടി ദേശീയ ജനറൽ സെക്രട്ടറി എം. എ. ബേബി. രാജ്യത്ത് ജീവിച്ചിരിക്കുന്ന ഏറ്റവും വലിയ കമ്യൂണിസ്റ്റ് വിപ്ലവകാരികളിൽ ഒരാളായ വി. എസിന്റെ ജീവിതം കരുത്തുറ്റ സംഭാവനകൾ കൊണ്ട് സമ്പന്നമായിരുന്നു.

വി. എസിനെ കാച്ചിക്കുറുക്കിയ വിപ്ലവകാരിയാക്കിയത് കുട്ടിക്കാലം മുതലേ അനുഭവിച്ച കഷ്ടപ്പാടുകളും വിവേചനങ്ങളുമാണ്. ജനങ്ങളോട് ജനങ്ങളുടെ ഭാഷയിൽ ധീരതയോടെ നേരിട്ട് സംവദിക്കുന്ന വി. എസിന്റെ പ്രസംഗശൈലിയും ഓരോ പ്രവർത്തകരോടും ബന്ധം പുലർത്തുന്ന പ്രവർത്തന ശൈലിയുമാണ് അദ്ദേഹത്തെ ഉന്നത കമ്യൂണിസ്റ്റ് നേതാവാക്കിയത്.

# എല്ലാവരുമായും വ്യക്തിപരമായ സൗഹൃദം പുലർത്തിയ വ്യക്തി: സണ്ണി ജോസഫ്

തിരുവനന്തപുരം: അന്തരിച്ച മുൻ മുഖ്യമന്ത്രിയും മുതിർന്ന സിപിഎം നേതാവുമായ വി. എസ്. അച്യുതാനന്ദന് അന്തിമോപചാരം അർപ്പിച്ച് കെപിസിസി അധ്യക്ഷൻ സണ്ണി ജോസഫ്. രാഷ്ട്രീയമായ എതിർപ്പുകൾ ഉള്ളപ്പോഴും വ്യക്തിപരമായി എല്ലാവരുമായും നല്ല സൗഹൃദം പുലർത്തിയ വ്യക്തിയാണ് വിഎസെന്ന് അദ്ദേഹം അനുസ്മരിച്ചു. വിഎസിന്റെ കുടുംബത്തോടും സിപിഎം നേതൃത്വത്തോടും അണികളോടും ദുഃഖം അറിയിക്കുന്നെന്നും അദ്ദേഹം പറഞ്ഞു.

# യുവാവിനെ തട്ടിക്കൊണ്ടുപോയി കൊലപ്പെടുത്താൻ ശ്രമം; എട്ട് പേർ പിടിയിൽ

തൃശൂർ: യുവാവിനെ തട്ടിക്കൊണ്ടുപോയി കവർച്ച ചെയ്ത് കൊലപ്പെടുത്താൻ ശ്രമിച്ച കേസിൽ

എട്ട് പേർ പിടിയിൽ.


വാടാനപ്പള്ളി ഫസൽ നഗർ സ്വദേശി ബിൻഷാദ് (36), ഇടശേരി സ്വദേശി മുഹമ്മദ് അഷ്ഫാക്ക് (23), വാടാനപ്പള്ളി കുട്ടമുഖം സ്വദേശി മുഹമ്മദ് അസ്‌ലം (28), വാടാനപ്പള്ളി ഗണേശമംഗലം എം. എൽ. എ വളവ് സ്വദേശി ഷിഫാസ് (30), വാടാനപ്പള്ളി റഹ്മത്ത് നഗർ സ്വദേശി ഫാസിൽ (24), വാടാനപ്പള്ളി ഗണേശമംഗലം സ്വദേശി ഷാഫി മുഹമ്മദ് (36), വാടാനപ്പള്ളി ബീച്ച് സ്വദേശി ആഷിഖ് (27), വാടാനപ്പള്ളി ഗണേശമംഗലം എം. എൽ. എ. വളവ് വീട്ടിൽ മുഹമ്മദ് റയീസ് (22) എന്നിവരാണ് അറസ്റ്റിലായത്.

വാടാനപ്പള്ളി പോലീസാണ് ഇവരെ അറസ്റ്റ് ചെയ്തത്. കഴിഞ്ഞ വെള്ളിയാഴ്ച രാത്രിയിൽ വാടാനപ്പള്ളി നടുവിൽക്കര സ്വദേശിയായ യുവാവിനെ തട്ടിക്കൊണ്ടു പോയി കൊലപ്പെടുത്താൻ ശ്രമിച്ചെന്നാണ് കേസ്.

വീട്ടിൽ നിന്നും നടുവിൽക്കരയിലെ ദേശീയപാത നിർമാണ സ്ഥലത്തേക്ക് യുവാവിനെ വിളിച്ചു വരുത്തി അവിടെനിന്നും അഷ്ഫാക്കും മറ്റൊരു പ്രതിയും ചേർന്ന് സ്കൂട്ടറിൽ കയറ്റി തട്ടികൊണ്ടുപോവുകയായിരുന്നു. വാടാനപ്പള്ളി ബീച്ച് ശാന്തി റോഡിന് സമീപമുള്ള ആളൊഴിഞ്ഞ പറമ്പിൽ എത്തിച്ച് ക്രൂരമായി ആക്രമിച്ച് പരുക്കേൽപ്പിക്കുകയും കഴുത്തിൽ തോർത്തുമുണ്ട് മുറുക്കി കൊലപ്പെടുത്താനും ശ്രമിച്ചു.

ഷാഫിക്ക് മറ്റൊരാൾ പണം കൊടുക്കാനുള്ളതിനെ ചൊല്ലി ജൂൺ 29ന് തൃത്തല്ലൂർ വച്ച് നടന്ന അടിപിടിയിൽ യുവാവ് ഇടപെട്ട് പ്രതികളെ പിടിച്ച് മാറ്റിയതിലുള്ള വൈരാഗ്യത്താലാണ് ഇവർ യുവാവിനെ ആക്രമിച്ചത്. യുവാവിന്റെ കൈവശമുണ്ടായിരുന്ന 1000 രൂപയും മൊബൈൽ ഫോണും ഇവർ കവർന്നു.

യുവാവിനെ തട്ടിക്കൊണ്ടുകൊണ്ടുപോയതായി ജില്ലാ പൊലീസ് മേധാവിക്ക് രഹസ്യ വിവരം ലഭിച്ചതിനെ തുടർന്ന് സമയോചിതമായി നടത്തിയ അന്വേഷണത്തിലാണ് പ്രതികളെ പിടികൂടിയത്. യുവാവിനെ തടഞ്ഞ് വച്ച് ആക്രമിച്ച ശാന്തി റോഡിലെ തെങ്ങിൻ പറമ്പിലെ ഒളിസങ്കേതം പോലീസ് കണ്ടെത്തുകയായിരുന്നു.





# തെരഞ്ഞെടുപ്പ് കമ്മീഷൻ സിപിഎമ്മിനുവേണ്ടി പ്രവർത്തിക്കുന്നു: വി. ഡി. സതീശൻ

കണ്ണൂർ: ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് തെരഞ്ഞെടുപ്പ് കമ്മീഷൻ സിപിഎമ്മിനു വേണ്ടി ഏകപക്ഷീയമായ പ്രവർത്തനങ്ങളാണു നടത്തുന്നതെന്നു പ്രതിപക്ഷ നേതാവ് വി. ഡി. സതീശൻ.

കമ്മീഷൻ സർക്കാരിന്റെ സമ്മർദങ്ങൾക്കു കീഴ്പ്പെടാതെ സ്വതന്ത്ര ഏജൻസിയായി പ്രവർത്തിക്കാൻ തയാറാകണമെന്നും പ്രതിപക്ഷ നേതാവ് ആവശ്യപ്പെട്ടു. കണ്ണൂരിൽ മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഈ മാസം 23നാണ് വോട്ടർ പട്ടിക പ്രസിദ്ധീകരിക്കേണ്ടത്. എന്നാൽ, അതിനു മുന്പ് തന്നെ കരട് വോട്ടർ പട്ടിക തദ്ദേശസ്ഥാപനങ്ങളിലെ സെക്രട്ടറിമാർ സിപിഎമ്മിന് ചോർത്തി നൽകിയിരിക്കുകയാണ്. നിരവധി പേരുകൾ നീക്കം ചെയ്ത് ക്രമരഹിതമായാണു കരട് പട്ടിക തയാറാക്കിയിരിക്കുന്നത്.

വ്യാപകമായ കൃത്രിമമാണു നടന്നത്. 23 മുതൽ 15 ദിവസം മാത്രമാണ് പേര് ചേർക്കാനുള്ള സമയം അനുവദിച്ചിരിക്കുന്നത്. പട്ടികയ്ക്ക് പുറത്തുള്ളവരുടെ പേരുകൾ ചേർക്കാൻ ഇത്രയും സമയം മതിയാകില്ല. പേരു ചേർക്കാനുള്ള സമയപരിധി ചുരുങ്ങിയത് ഒരു മാസമായെങ്കിലും നീട്ടണം.

കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ പൊതുതെരഞ്ഞെടുപ്പിൽ ഒരു പോളിംഗ് ബൂത്തിലെ വോട്ടർമാരുടെ എണ്ണം 1100 ആയി ക്രമപ്പെടുത്തിയിരുന്നു. എന്നാൽ തദ്ദേശ തെരഞ്ഞെടുപ്പിൽ ഗ്രാമീണ മേഖലയിലെ ഒരു ബൂത്തിൽ 1300 പേരാണുള്ളത്.

ത്രിതല തെരഞ്ഞെടുപ്പിൽ ഒരു വോട്ടർ മൂന്നു വോട്ടു ചെയ്യേണ്ടതിനാൽ രാത്രി പത്തായാലും വോട്ടർമാർക്ക് വോട്ടു ചെയ്തു തീർക്കാനാകില്ല. ഈ സാഹചര്യത്തിൽ ബൂത്തിലെ വോട്ടർമാരുടെ എണ്ണം 1100 ആയി കുറയ്ക്കണമെന്ന് യുഡിഎഫ് ആവശ്യപ്പെട്ടിട്ടും കമ്മീഷൻ ഇതിനു തയാറാകുന്നില്ല. തെരഞ്ഞെടുപ്പ് അട്ടിമറിക്കാൻ സിപിഎം നടത്തുന്ന നീക്കങ്ങൾക്ക് കമ്മീഷൻ കുടപിടിച്ചു കൊടുക്കുകയാണ്. സ്വതന്ത്രവും നീതിയുക്തവുമായി തെരഞ്ഞെടുപ്പ് നടത്തുമെന്ന് ഉറപ്പുവരുത്താൻ കമ്മീഷൻ തയാറായില്ലെങ്കിൽ യുഡിഎഫ് നിയമ നടപടികൾ സ്വീകരിക്കുമെന്നും വി. ഡി. സതീശൻ പറഞ്ഞു.